## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2871 — 15.12.2015 ൽ മറുപടിയ്ക്ക്

### മാനേജുമെന്റ് സ്കൂളുകളുടെ ഭൂമി വിൽപന

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ. കെ.ടി. ജലീൽ | ശ്രീ.പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) ഭൂമി വിൽക്കുന്നതിനും വ്യാപാര സമുച്ചയങ്ങൾ പണിയുന്നതിനുമായി 2011 മേയ് മാസത്തിന് ശേഷം നാളിതുവരെ എത്ര എയ്ഡഡ് സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന കാര്യം അറിയിക്കുമോ; വിശദമാക്കുമോ;<br>(ബി) ഈ പ്രവണതയോട് സർക്കാർ സമീപനമെന്താണ്; വ്യക്തമാക്കുമോ;<br>(സി) മാനേജുമെന്റുകളുടെ ഇത്തരം അപേക്ഷകളിൽ സർക്കാർ കൈക്കൊണ്ട നടപടി എന്തെന്ന് വിശദമാക്കാമോ;<br>(ഡി) ഇങ്ങനെ അടച്ചു പൂട്ടിയ സ്കൂളുകളുടെ എണ്ണമെത്രയെന്ന് വിശദമാക്കുമോ? | (എ) (ബി) (സി) & (ഡി) ഭൂമി വിൽക്കുന്നതിനും വ്യാപാര സമുച്ചയങ്ങൾ പണിയുന്നതിനുമായി 2011 മെയ് മാസത്തിനു ശേഷം സ്കൂളുകൾ അടച്ചു-പൂട്ടുന്നതിനായി നോട്ടീസ് ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കുട്ടികളുടെ കുറവ് ചൂണ്ടിക്കാട്ടി വിവിധ മാനേജു-മെന്റുകൾ സ്കൂളുകൾ അടച്ചു പൂട്ടുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ അത്തരം സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് അനുമതി നൽകിയിട്ടില്ല. കുട്ടികളുടെ അഭാവംമൂലം പ്രവർത്തനം നിലച്ചുപോയ കൊല്ലം ജില്ലയിലെ കുരീപ്പുഴ സാലിഹ മെമ്മോറിയൽ ഹൈസ്കൂൾ 17-03-15 ലെ സ.ഉ.(കൈ) നമ്പർ 71/15/പൊ.വി. പ്രകാരം 2015-16 അദ്ധ്യയന വർഷം മുതൽ അടച്ചുപൂട്ടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ